പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3641** — 15.12.2014 ൽ മറുപടിക്ക്

## മൊബൈൽ ടവറുകളിൽ നിന്നുള്ള വികിരണങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. റ്റി.എ.അഹമ്മദ് കബീർ**<br>**ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ**<br>**ശ്രീ. പി.കെ. ബഷീർ**<br>**ശ്രീ. എൻ. ഷംസുദ്ദീൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**(മുഖ്യ മന്ത്രി)** |
| (എ) സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നുള്ളതായി പറയപ്പെടുന്ന വികിരണങ്ങളെ സംബന്ധിച്ച് ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് കൂടുതൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ ഇതുമൂലമുണ്ടാകുന്ന ആശങ്കകൾ ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ ;<br><br>(സി) പ്രസ്തുത പ്രശ്നത്തിന് അടിയന്തര പരിഹാരം ഉണ്ടാക്കാൻ വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവരുടെ അഭിപ്രായ രൂപീകരണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുമോ ; | (ബി) & (സി) മൊബൈൽ ടവറുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പരാതികളും പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ മെഡിക്കൽ ഓഫീസർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ പ്രതിനിധി ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ജില്ലാ ടെലികോം കമ്മിറ്റിക്ക് സർക്കാർ രൂപം നല്കിയിട്ടുണ്ട്. റേഡിയേഷൻ മൂലമുണ്ടാകുന്ന ആഘാതം കുറക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കേണ്ട സുരക്ഷിത അകലവും, റേഡിയേഷന്റെ തോതും കേന്ദ്ര ടെലികോം വകുപ്പ് നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ച് ഉറപ്പു വരുത്തുവാൻ കൊച്ചി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ Telecom Enforcement Resource&Monitoring(TERM)-Kerala എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്താകെ പൊതു-സ്വകാര്യ മേഖലകളുടെ കീഴിൽ എത്ര ടവറുകൾ നിലവിലുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ? | (ഡി) പ്രവർത്തനക്ഷമമായ 15,000/- ടവറുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇവ കൂടാതെ കേരള സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്കിന്റെ ഭാഗമായി 1500-ഓളം ചെറിയ ടവറുകളും (GI Pole) സ്ഥാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**